സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 275 2025 ഫെബ്രുവരി 28 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

എസ്.എസ്.എൽ.സി പരീക്ഷ തിങ്കളാഴ്ച തുടങ്ങും

തൃശൂർ :സംസ്ഥാനത്ത് എസ്.എസ്.എൽ.സി പരീക്ഷ തിങ്കളാഴ്ച ആരംഭിക്കും. 4,26,990 വിദ്യാർത്ഥികളാണ് രജിസ്റ്റർ ചെയ്തത്. മാർച്ച് 3 മുതൽ 26 വരെയാണ് പരീക്ഷ. കേരളത്തിൽ 2964 പരീക്ഷാ കേന്ദ്രത്തിലായി 4,25,861, ഗൾഫിൽ 7കേന്ദ്രങ്ങളിലായി 682, ലക്ഷദ്വീപിൽ 9കേന്ദ്രങ്ങളിലായി 447 കുട്ടികൾ പരീക്ഷ എഴുതും. ഇൻവിജിലേഷൻ ജോലികൾക്കായി 26,382 അദ്ധ്യാപകരെയാണ് നിയമിക്കുക. മൂല്യനിർണയ ക്യാമ്പുകൾ ഏപ്രിൽ 3ന് ആരംഭിച്ച് 26ന് അവസാനിപ്പിക്കും. ഇതിനായി 950 അഡീഷണൽ ചീഫ് എക്സാമിനർമാരെയും 9000 എക്സാമിനർമാരെയും നിയമിക്കും. 72ക്യാമ്പുകളിലാണ് മൂല്യനിർണയം നടത്തുക. മെയ് 3-ാമത്തെ ആഴ്ചയ്ക്കകം ഫലം പ്രഖ്യാപിക്കും.

പി.സി. ജോർജിന് ജാമ്യം

കോട്ടയം: വിദ്വേഷ പരാമർശക്കേസിൽ ബി.ജെ.പി. നേതാവ് പി.സി. ജോർജിന് ജാമ്യം. ടെലിവിഷൻ ചാനൽ ചർച്ചയിൽ നടത്തിയ അത്യന്തവിദ്വേഷപരമായ പരാമർശത്തിന്റെ പേരിലായിരുന്നു പിസി ജോർജിനെതിരേ കേസെടുത്തത്. ഈരാറ്റുപേട്ട മജിസ്ട്രേറ്റ് കോടതിയാണ് ജാമ്യം അനുവദിച്ചതിരിക്കുന്നത്.

പിസി ജോർജിന്റെ ആരോഗ്യ പ്രശ്നം കണക്കിലെടുത്താണ് കോടതി ജാമ്യം പരിഗണിച്ചത്. ആഞ്ജിയോ ഗ്രാം ഉൾപ്പെടെയുള്ളവ ചെയ്യേണ്ടതുണ്ട് എന്ന മെഡിക്കൽ റിപ്പോർട്ട് അടക്കം കോടതിയിൽ എത്തിയിരുന്നു. ഇത് കോടതി പരിഗണിച്ചു. പോലീസ് റിപ്പോർട്ടും കോടതി പരിഗണിച്ചു.

കേസ് നടപടിക്രമങ്ങളടക്കം പൂർത്തിയായതാണ്. മൊഴി രേഖപ്പെടുത്തി, തെളിവുകളടക്കം ശേഖരിച്ചു. അതുകൊണ്ട് തന്നെ ജാമ്യം നൽകേണ്ടത് എതിർക്കേണ്ടതില്ല എന്നായിരുന്നു കോടതി നിരീക്ഷണം.

അൽപ്പസമയത്തിനകം ജാമ്യ ഉത്തരവ് ഈരാറ്റുപേട്ട മജിസ്ട്രേറ്റ് കോടതിയിൽ നിന്ന് പാല സബ് ജയിലിലേക്ക് കൊണ്ടുപോകും. അതിന് ശേഷം പിസി ജോർജ് നിലവിൽ റിമാൻഡിൽ കഴിയുന്ന കോട്ടയം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകും. പിസി ജോർജ് ഉച്ചയോടെ പുറത്തിറങ്ങുമെന്നാണ് വിവരം.

കേസ് കൊടുത്തവർക്ക് നന്ദി, മികച്ച ചികിത്സ കിട്ടി: ഷോൺ ജോർജ്

കോട്ടയം: പിസി ജോർജിനെതിരേ കേസ് കൊടുത്തവർക്ക് നന്ദിയെന്ന് ഷോൺ ജോർജ്. കേസ് ഇല്ലായിരുന്നുവെങ്കിൽ പിതാവിന്റെ ആരോഗ്യപ്രശ്നങ്ങൾ അറിയാൻ കഴിയില്ലായിരുന്നുവെന്ന് പി.സി. ജോർജിന് ജാമ്യം ലഭിച്ചതിനു പിന്നാലെ ഷോൺ ജോർജ് മാധ്യമങ്ങളോട് പ്രതികരിച്ചു.

ഈരാറ്റുപേട്ടയിലെ തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരേ ഇനിയും നിലപാട് എടുക്കുമെന്ന് ഷോൺ ജോർജ് പറഞ്ഞു. സ്വന്തം പ്രസ്താവന ആർക്കെങ്കിലും വിഷമം ഉണ്ടാക്കിയെങ്കിൽ ജോർജ് തന്നെ മാപ്പ് പറഞ്ഞതാണ്. വഖഫ് ബില്ലിൽ ശക്തമായ നിലപാടെടുത്തതാണ് ജോർജിനെതിരേ മുസ്ലിം ലീഗ് തിരിയാൻ കാരണം. മകനെന്ന നിലയിൽ കേസ് കൊടുത്തവർക്ക് നന്ദിയെന്നും ഷോൺ ജോർജ് പറഞ്ഞു.

ആശുപത്രിയിൽ പോകാൻ പറഞ്ഞാൽ തയ്യാറാകാത്ത ആളാണ് പി.സി. ജോർജ്. കഴിഞ്ഞ മൂന്ന് ദിവസമായി കേരളത്തിലെ ഏറ്റവും മികച്ച ചികിത്സ ലഭിക്കാൻ കാരണം പരാതിക്കാരനാണെന്നും പി.സി. ജോർജ് പറഞ്ഞു.

ഷെമീനയെ കണ്ട് റഹീം, കട്ടിലിൽ നിന്നുവീണതെന്ന് ഭർത്താവിനോടും; മകനെ പൊതിഞ്ഞ് അമ്മമനസ്

തിരു: വെഞ്ഞാറമൂട് കൂട്ടക്കൊലക്കേസ് പ്രതി അഫാന്റെ പിതാവ് റഹീം ഇന്നു രാവിലെയോടെ നാട്ടിലെത്തി. സൗദിയിൽ ഇഖാമ പുതുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലുൾപ്പെടെ കുടുങ്ങിക്കിടക്കുകയായിരുന്ന റഹീം ചില സന്നദ്ധ സംഘടനകളുടെ സഹായത്തോടെയാണ് നാട്ടിലെത്തിയത്. അതീവ ഗുരുതരാവസ്ഥയിൽ കഴിയുന്ന ഭാര്യയെ റഹീം ആശുപത്രിയിലെത്തി കണ്ടു. രാവിലെ 7.45ന് തിരുവനന്തപുരം വിമാനത്താവളത്തിലിറങ്ങിയ റഹീം ആദ്യം ഗോകുലം മെഡിക്കൽ കോളജിലെത്തി ഭാര്യ ഷെമീനയെ കണ്ടു.

ബന്ധുക്കളൊടൊപ്പമാണ് റഹീം ആശുപത്രിയിലെത്തിയത്. ഭാര്യക്കൊപ്പം 20മിനിറ്റോളം ആശുപത്രിയിൽ കഴിഞ്ഞു. റഹീമിനെ കണ്ടയുടൻ ഷെമീന തിരിച്ചറിഞ്ഞതായും കയ്യിൽ പിടിക്കാൻ ശ്രമിച്ചതായും ബന്ധുക്കൾ പറഞ്ഞു. എന്തുപറ്റിയെന്ന ചോദ്യത്തിന് പൊലീസിനോട് പറഞ്ഞ മൊഴി തന്നെയാണ് ഏഴുവർഷങ്ങൾക്കു ശേഷം നാട്ടിലെത്തിയ ഭർത്താവിനോടും ഷെമി ആവർത്തിച്ചത്. തനിക്ക് അപകടം സംഭവിച്ചത് കട്ടിലിൽ നിന്നുവീണാണെന്ന് ഷെമി റഹീമിനോട് പറഞ്ഞു. മകന്റെ ക്രൂരതകളെ മറച്ചുവച്ച് പൊതിഞ്ഞുപിടിച്ച ഷെമീനയുടെ അമ്മമനസും നൊമ്പരമാവുകയാണ്.

തന്റെ കുടുംബത്തിൽ നടന്ന തീരാനോവുകളൊന്നും ഷെമി അറിഞ്ഞിട്ടില്ല. ബോധം വന്നതു മുതൽ ഷെമി അന്വേഷിക്കുന്നത് കുഞ്ഞുമകൻ അഫ്സാനെയാണ്, പൊലീസിനോടും ഇന്ന് റഹീമിനോടും അഫ്സാനെ കാണണമെന്ന് ആവശ്യപ്പെട്ടു. അഫ്സാൻ അളിയന്റെ വീട്ടിലാണെന്ന് ആ പിതാവ് മറുപടി പറഞ്ഞു. അതേസമയം അഫാൻ എവിടെയാണെന്നും ഷെമീന റഹീമിനോട് ചോദിച്ചു.

മകന്റെ ക്രൂരതയിൽ ഗുരുതരമായി പരുക്കേറ്റ ഷെമീനയുടെ ആരോഗ്യനിലയിൽ പുരോഗതിയുണ്ടെന്ന് ഡോക്ടർമാരും ബന്ധുക്കളും അറിയിച്ചു. സംസാരത്തിൽ ഇനിയും വ്യക്തത വരാനുണ്ടെന്നും ബന്ധുക്കൾ പറയുന്നു. ആശുപത്രിയിൽ നിന്നും ബന്ധുവിന്റെ വീട്ടിലേക്കും പിന്നാലെ പാങ്ങോട് പള്ളിയിലെത്തി തന്റെ കുഞ്ഞുമകന്റേതുൾപ്പെടെയുള്ള പ്രിയപ്പെട്ടവരുടെ കബറിടത്തിലും റഹീമെത്തി.

കോടികളുടെ ക്രിപ്റ്റോ കറൻസി തട്ടിപ്പ്; നടിമാരായ തമന്ന ഭാട്ടിയയെയും കാജൽ അഗർവാളിനെയും ചോദ്യം ചെയ്യും

ചെന്നൈ: ക്രിപ്റ്റോ കറൻസി തട്ടിപ്പുകേസിൽ നടിമാരായ തമന്ന ഭാട്ടിയയെയും കാജൽ അഗർവാളിനെയും ചോദ്യം ചെയ്യാനൊരുങ്ങി പൊലീസ്. 2.4 കോടി രൂപയുടെ തട്ടിപ്പുകേസിൽ പുതുച്ചേരി പൊലീസാണ് ഇരുവരെയും ചോദ്യം ചെയ്യുന്നത്. പുതുച്ചേരി മൂലക്കുളം സ്വദേശിയും മുൻ സൈനികനുമായ അശോകൻ നൽകിയ പരാതിയിലാണ് പൊലീസ് നടപടി. ക്രിപ്റ്റോ കറൻസി നിക്ഷേപ പദ്ധതിയിൽ വഞ്ചിക്കപ്പെട്ടുവെന്നാണ് പരാതിയിൽ പറയുന്നത്.

ഓൺലൈനിൽ ഒരു പരസ്യം കണ്ടതിനുശേഷമാണ് ക്രിപ്റ്റോ കറൻസിയിൽ നിക്ഷേപം നടത്താൻ തീരുമാനിച്ചതെന്ന് അശോകന്റെ പരാതിയിൽ പറയുന്നു. പിന്നാലെ ഒരു അജ്ഞാത വ്യക്തിയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കുശേഷം പത്ത് ലക്ഷം രൂപ പദ്ധതിയിൽ നിക്ഷേപിക്കുകയായിരുന്നു. ശേഷം 2022ൽ കോയമ്പത്തൂരിൽ നടന്ന ഒരു കമ്പനിയുടെ ലോഞ്ചിംഗ് ചടങ്ങിലേക്ക് ക്ഷണിക്കപ്പെട്ടു. ഇവിടെ തമന്ന ഭാട്ടിയയും മറ്റ് ചില താരങ്ങളും സന്നിഹിതരായിരുന്നു. പ്രമുഖരായ ആളുകളുടെ പങ്കാളിത്തവും പരിപാടിയുടെ വിജയവും കണ്ട് പ്രചോദിതനായ അശോകൻ ഒരു കോടി രൂപ നിക്ഷേപിക്കുകയും തന്റെ പത്ത് സുഹൃത്തുക്കളെ 2.4 കോടി രൂപ നിക്ഷേപം നടത്താൻ പ്രേരിപ്പിക്കുകയും ചെയ്തു.

മാസങ്ങൾക്കുശേഷം മഹാബലിപുരത്ത് നടന്ന ചടങ്ങിലേയ്ക്കും അശോകൻ ക്ഷണിക്കപ്പെട്ടു. ചടങ്ങിൽ കാജൽ അഗർവാളായിരുന്നു മുഖ്യാതിഥി. പരിപാടിയിൽ നൂറിലധികം നിക്ഷേപകർക്ക് 10 ലക്ഷം മുതൽ ഒരുകോടിവരെ വിലയുള്ള കാറുകൾ സമ്മാനമായി നൽകിയെന്നാണ് റിപ്പോർട്ടുകൾ. കാറിന് പകരം എട്ടുലക്ഷം രൂപ കാശ് തന്നാൽ മതിയെന്നായിരുന്നു അശോകന്റെ നിലപാട്. എന്നാൽ കമ്പനി വാഗ്ദാനം പാലിക്കാതെ വന്നതോടെ തന്നെയും മറ്റ് നിക്ഷേപകരെയും വഞ്ചിച്ചുവെന്ന് കാട്ടി അശോകൻ പൊലീസിൽ പരാതി നൽകുകയായിരുന്നു. പരാതിയുമായി ബന്ധപ്പെട്ട് നിതീഷ് ജെയിൻ, അരവിന്ദ് കുമാർ എന്നിങ്ങനെ രണ്ടുപേർ അറസ്റ്റിലായിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട ചടങ്ങുകളിൽ പങ്കെടുത്തതിന്റെ പേരിലാണ് നടിമാരെ പൊലീസ് ചോദ്യം ചെയ്യുന്നത്.

ബിബിസി: ഗാർഡിയൻ എഡിറ്റർമാരുമായി രഹസ്യ കൂടിക്കാഴ്ച നടത്തി ഇസ്രയേൽ സൈനിക ജനറൽ; വിവരങ്ങൾ പുറത്ത്

ലണ്ടൻ: ബിബിസി, ദി ഗാർഡിയൻ, ഫിനാൻഷ്യൽ ടൈംസ് എഡിറ്റർമാരുമായി സ്വകാര്യ കൂടിക്കാഴ്ച നടത്തി ഇസ്രയേലിലെ മുൻ സൈനിക മേധാവി ജനറൽ അവീവ് കൊഹാവി. ഗാസയിൽ ഇസ്രയേലിന്റെ ആക്രമണം തുടങ്ങി ഒരു മാസം പിന്നിടുന്ന അവസരത്തിലായിരുന്നു ഈ കൂടിക്കാഴ്ച.

ഗാർഡിയൻ എഡിറ്റർ-ഇൻ-ചീഫ് കാതറീൻ വൈനർ, ബിബിസി ന്യൂസ് കണ്ടന്റ് ഡയറക്ടർ റിച്ചാർഡ് ബർഗസ്, ഫിനാൻഷ്യൽ ടൈംസ് പത്രാധിപർ റൗല ഖലഫ് എന്നിവരെയാണ് കൊഹാവി നേരിൽകണ്ടത്. 2023 നവംബർ 7നും 9നും ഇടയിൽ ഇസ്രായേൽ എംബസിയിൽ വെച്ച് സ്കൈ ന്യൂസ് ചെയർമാൻ ഡേവിഡ് റോഡ്സ് ഉൾപ്പെടെയുള്ളവരുമായും കൂടിക്കാഴ്ചകൾ നടത്താൻ കൊഹാവി പദ്ധതിയിട്ടിരുന്നെന്നും വിദേശമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. എന്നാൽ ഈ സമയമായപ്പോഴേക്കും, ഇസ്രയേൽ സൈന്യം ഗാസയിൽ 10,000-ത്തിലധികം പലസ്തീനികളെ കൊന്നൊടുക്കിയിരുന്നു. വംശഹത്യയെക്കുറിച്ച് ഇസ്രായേൽ ഉദ്യോഗസ്ഥർ നിരവധി പരസ്യ പ്രസ്താവനകളും നടത്തിയിരുന്നു.

ഇസ്രയേൽ സൈന്യത്തിന്റെ മേധാവിയായിരിക്കുമ്പോൾ ഗാസയിൽ മാധ്യമപ്രവർത്തകർക്കെതിരായ ആക്രമണങ്ങളെ ന്യായീകരിച്ച് സംസാരിച്ചയാളാണ് കൊഹാവി. വെസ്റ്റ് ബാങ്ക് റിപ്പോർട്ടറായ ഷിരീൻ അബു അഖ്ലേ സൈന്യത്തിന്റെ വെടിയേറ്റു മരിച്ചപ്പോൾ സൈനികർ ധീരത പ്രകടിപ്പിച്ചു എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. വാർത്താ ഏജൻസിയായ എ.പി.യുടെ ഗാസയിലെ ഓഫീസിന് നേരെ ആക്രമണമുണ്ടായപ്പോൾ തനിക്ക് തരിമ്പും ഖേദമില്ലെന്നായിരുന്നു കൊഹാവിയുടെ പ്രതികരണം.

അദ്ദേഹമാണിപ്പോൾ യുദ്ധത്തിന് കൂടുതൽ പിന്തുണ തേടാൻ ബ്രിട്ടീഷ് മാധ്യമമേഖലയിലെ ഉന്നതരുമായി കൂടിക്കാഴ്ച നടത്തിയത്. ഗാസയിലെ ഇസ്രയേൽ വംശഹത്യയെക്കുറിച്ചുള്ള ബ്രിട്ടീഷ് മാധ്യമങ്ങളുടെ വാർത്തകൾക്കെതിരെ വ്യാപകമായ പൊതുജന രോഷം ഉയരുന്നതിനിടെയാണ് പ്രമുഖ മാധ്യമ എക്സിക്യൂട്ടീവുകളുമായുള്ള കൊഹാവിയുടെ സ്വകാര്യ കൂടിക്കാഴ്ചകൾ. മാസങ്ങൾക്ക് മുമ്പ് മാത്രമാണ് കൊഹാവി ഇസ്രയേലിന്റെ സൈന്യത്തിന്റെ നേതൃത്വത്തിൽനിന്ന് പിന്മാറിയത്.

ഇസ്രയേലിലെ അഭിഭാഷകനായ എലാഡ്മാൻ വിവരാവകാശ നിയമപ്രകാരം ശേഖരിച്ചതാണ് സുപ്രധാന കൂടിക്കാഴ്ചയെക്കുറിച്ചുള്ള വിവരങ്ങൾ. ഇസ്രയേൽ വിദേശകാര്യ മന്ത്രാലയം, ഇസ്രയേൽ പ്രതിരോധ സേന, പ്രതിരോധ മന്ത്രാലയം എന്നിവയുടെ പിന്തുണയോടെയാണ് കൊഹാവി ബ്രിട്ടനിലെത്തിയതെന്ന് പുറത്തുവന്ന രേഖകൾ വിശദമാക്കുന്നു.

ഒക്ടോബർ 7ലെ സംഭവങ്ങളുടെ ഗൗരവം കണക്കിലെടുത്ത്, പാശ്ചാത്യ രാജ്യങ്ങൾക്ക് ഇസ്രയേലിനോടുള്ള മനോഭാവത്തിൽ വന്ന മാറ്റം മുതലെടുക്കുന്നതിനായിരുന്നു കൊഹാവിയുടെ ബ്രിട്ടീഷ്സന്ദർശനം. ഗാസയിൽ ഇസ്രയേൽ ക്രൂരമായ സൈനിക ആക്രമണം വർദ്ധിപ്പിച്ചപ്പോൾ, അതിനുള്ള പിന്തുണ വളർത്തിയെടുക്കുക എന്ന ചുമതലയായിരുന്നു കൊഹാവിക്ക് ലഭിച്ചതെന്നും പുറത്തുവന്ന വിവരങ്ങൾ സൂചിപ്പിക്കുന്നു.

നാലുപേരും തമ്മിൽ കൂടിക്കാഴ്ച നടത്തിയെന്ന റിപ്പോർട്ടുകളോട് വിവിധ മാധ്യമപ്രവർത്തകരും പ്രതികരണവുമായി രംഗത്തുണ്ട്. കൊഹാവിയുമായി എന്തിന് കൂടിക്കാഴ്ച നടത്തിയെന്ന് ബിബിസി പ്രസ്താവന പുറത്തിറക്കണമെന്ന് ബിബിസിയിലെ മുൻ മാധ്യമപ്രവർത്തകൻ ആവശ്യപ്പെട്ടു. പലസ്തീൻപക്ഷത്തെ മുതിർന്ന വ്യക്തികളുമായി ഇത്തരത്തിൽ കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കൊഹാവിയുടെ സന്ദർശനം അത്ഭുതമെന്ന്മാത്രമല്ല, ബിബിസിയിലെ ഏറ്റവും മുതിർന്ന എഡിറ്റർമാരിൽ ഒരാൾ ഒരു വിദേശ സൈനിക ഉദ്യോഗസ്ഥനുമായി, പ്രത്യേകിച്ച് ഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾ ആരോപിക്കപ്പെടുന്ന ഒരു രാജ്യത്തിന്റെ സൈനിക നേതാവുമായി, ഈ രീതിയിൽ സഹകരിക്കുന്നത് അതിരുകടന്നതാണെന്ന വിമർശനവും ഉയർന്നിട്ടുണ്ട്.

അതേസമയം കൊഹാവിയുമായുള്ള കൂടിക്കാഴ്ചയിൽ സംസാരവിഷയമായത് ഗാസയിലെ യുദ്ധത്തെക്കുറിച്ചും ഇസ്രയേൽ പ്രതിരോധ സേനയുടെ തന്ത്രങ്ങളെക്കുറിച്ചുമാണെന്നും ബിബിസി വക്താവ് പ്രതികരിച്ചിട്ടുണ്ട്. സംഘർഷമേഖലയിലെ ഇരുപക്ഷത്തുനിന്നുള്ളവരുമായി സമാനരീതിയിലുള്ള വിവരങ്ങൾ ശേഖരിച്ചുവെന്നും വക്താവ് വിശദീകരിച്ചു.

കാട്ടാനയിറങ്ങി കൃഷി നശിപ്പിച്ചു

ആമ്പല്ലൂർ: പാലപ്പിള്ളി കുണ്ടായിയിൽ കാട്ടാനയിറങ്ങി കൃഷി നശിപ്പിച്ചു. തോട്ടം തൊഴിലാളികൾ താമസിക്കുന്ന പാഡികൾക്ക് സമീപമാണ് ആനയിറങ്ങിയത്.

സ്വർണവില ഇന്നും കുറഞ്ഞു

തിരു : സംസ്ഥാനത്ത് സ്വർണവില ഇന്നും കുറഞ്ഞു. ചൊവ്വാഴ്ചയാണ് സ്വർണവില സർവകാല റെക്കോർഡ് ഉയരം രേഖപ്പെടുത്തിയത്. പവന് 64,600 രൂപയായാണ് ഉയർന്നത്. തുടർന്നുള്ള മൂന്ന് ദിവസത്തിനിടെ ആയിരം രൂപ കുറഞ്ഞ് 63,600 രൂപയിലേക്ക് താഴ്ന്നിരിക്കുകയാണ് സ്വർണവില. ഇന്ന് 480 രൂപയാണ് കുറഞ്ഞത്. ഗ്രാമിന് ആനുപാതികമായി 60 രൂപയാണ് കുറഞ്ഞത്. 7950 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില.

ലോറിക്ക് തീപിടിച്ചു

ചാലക്കുടി: കൊരട്ടിയിൽ ഓടിക്കൊണ്ടിരുന്ന ലോറിക്ക് തീപിടിച്ചു. വൈക്കോൽ കയറ്റി പോയ ലോറിക്കാണ് തീപിടിച്ചത്. ഇലക്ട്രിക് ലൈനിൽ തട്ടി ഷോർട്ട് സർക്യൂട്ട് ആയാണ് തീ പിടിച്ചത്.

കുപീഡനത്തിൽ 5 വയസുകാരിയുടെ മലാശയം തകർന്നു; സ്വകാര്യഭാഗത്ത് 28 തുന്നലുകൾ;

ജമ്മു: മദ്യലഹരിയിൽ അഞ്ചുവയസുകാരിയെ ക്രൂരമായി പീഡിപ്പിച്ച് കൗമാരക്കാരൻ. മധ്യപ്രദേശിലെ ശിവ്പുരിയിലാണ് സംഭവം. കളിച്ചുകൊണ്ട് നിന്ന പെൺകുട്ടിയെ ആളൊഴിഞ്ഞ വീടിന്റെ ടെറസിലേക്ക് കൂട്ടിക്കൊണ്ട് പോയ പ്രതി ലൈംഗികമായി ഉപദ്രവിക്കുകയായിരുന്നു. പീഡനത്തിൽ കുട്ടിയുടെ സ്വകാര്യഭാഗങ്ങൾ ഏറെക്കുറെ തകർന്നു. ശരീരമാസകലം കടിച്ച് മുറിവേൽപ്പിച്ച പാടുകളുണ്ട്. ഗുരുതരമായി പരുക്കേറ്റ പെൺകുഞ്ഞ് ഗ്വാളിയാറിലെ കമല രജ ആശുപത്രിയിൽ ചികിൽസയിലാണ്. സ്വകാര്യഭാഗത്ത് മാത്രം 28 തുന്നലുകളിടേണ്ടി വന്നുവെന്ന് ഡോക്ടർമാർ വെളിപ്പെടുത്തി. പീഡനത്തിൽ മലാശയം തകർന്നതിനെ തുടർന്ന് വയറിൽ ശസ്ത്രക്രിയ നടത്തിയാണ് വിസർജ്യം പുറത്തെടുത്ത് കളഞ്ഞത്.

പ്രതികളെ സംരക്ഷിക്കാൻ ചിലവഴിച്ചത് 122 ലക്ഷം, ദുരന്തബാധിതരുടെ തുടർചികിത്സക്ക് വെറും 5ലക്ഷം

കല്പറ്റ: വയനാട്ടിലെ ഉരുൾപൊട്ടൽ പുനരധിവാസം വൈകുന്നതിൽ സർക്കാറിന്റെ കൊടിയ വഞ്ചനയും കാപട്യവുമാണ് നടക്കുന്നതെന്ന് ടി. സിദ്ദിഖ് എം.എൽ.എ. പ്രഖ്യാപനങ്ങളല്ലാതെ ഒരു കാര്യവും നടക്കുന്നില്ല.

എൻ.ഡി.എം. എ ആക്ട് അനുസരിച്ച് ദുരന്തബാധിതരോട് സംസാരിച്ചിട്ട് വേണം അവരുടെ കാര്യങ്ങൾ തീരുമാനിക്കേണ്ടത്. നിർബന്ധമായും 10 സെന്റ് ഭൂമിയെങ്കിലും ലഭ്യമാക്കണമെന്നായിരുന്നു അവരുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. എന്നാൽ കേവലം ഏഴ് സെന്റ് കൊടുക്കുമെന്നാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. ഏഴ് മാസക്കാലത്തിനിടയ്ക്ക് ദുരിതബാധിതരുടെ ലിസ്റ്റ് പോലും പൂർത്തീകരിക്കാൻ സാധിക്കാത്ത ഒരു സർക്കാറാണ് കേരളത്തിലേത്. ദുരന്തത്തിൽ പരിക്ക് പറ്റിയ ആളുകൾക്കുള്ള ചികിത്സാസഹായമായി അഞ്ചുലക്ഷം രൂപ മാത്രമാണ് മാറ്റിവെച്ചത്.

ശരത് ലാൽ-കൃപേഷ് കേസിലെ പ്രതികളായ ക്രിമിനലുകളെ സംരക്ഷിക്കാൻ സർക്കാർ ഖജനാവിൽ നിന്ന് ചിലവഴിച്ചത് 122 ലക്ഷം രൂപയാണ്. പിഎസ്.സി അംഗങ്ങൾക്കും കോടിക്കണക്കിന് രൂപ ശമ്പളമായി കൊടുക്കുന്നു.

ഗുരുതരമായി അസുഖം ബാധിച്ചവർക്ക് ചികിത്സിക്കാനുള്ള പണം പോലും മാറ്റിവെച്ചിട്ടില്ലെന്നും ഉരുൾപൊട്ടൽ പുനരധിവാസം വൈകുന്നതിൽ പ്രതിഷേധിച്ച് കൽപ്പറ്റയിൽ യുഡിഎഫ് നടത്തുന്ന കളക്ടറേറ്റ് വളയൽ സമരത്തിനിടെ അദ്ദേഹം പറഞ്ഞു.

'ഇംഗ്ലീഷാണ് യോഗ്യതയെങ്കിൽ സാറ്റലൈറ്റ് അയച്ച സോമനാഥിനെ നേതാവാക്കിയാൽപ്പോരേ?'; തരൂരിനെതിരെ കുര്യൻ

ന്യൂഡൽഹി: ശശി തരൂരിനെ അതിരൂക്ഷമായി വിമർശിച്ച് മുതിർന്ന കോൺഗ്രസ് നേതാവ് പി.ജെ.കുര്യൻ. ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചാണ് ജനനേതാവാകേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. ശശി തരൂർ നാട്ടിലുള്ളതിനേക്കാൾ കൂടുതൽ വിദേശത്താണ്. ഇംഗ്ലീഷ് വിദ്യാഭ്യാസമല്ല നേതാവാകാനുള്ള യോഗ്യത. അങ്ങനെയെങ്കിൽ ചന്ദ്രനിലേക്ക് റോക്കറ്റ് വിട്ട എസ്. സോമനാഥിനെ നേതാവാക്കിയാൽ മതിയല്ലോ എന്നും കുര്യൻ പറഞ്ഞു.

ജനങ്ങൾ അകന്നുപോയിട്ടുണ്ടെങ്കിൽ പാർട്ടിയെ വിമർശിക്കുന്നതിന് പകരം തിരുവനന്തപുരത്ത് താമസിച്ച് പ്രവർത്തിക്കുകയാണ് ശശി തരൂർ ചെയ്യേണ്ടതെന്ന് പി.ജെ.കുര്യൻ മാധ്യമങ്ങളോട് പ്രതികരിച്ചു. അദ്ദേഹത്തെ തിരുവനന്തപുരത്ത് കിട്ടാറുണ്ടോയെന്നും അദ്ദേഹം ചോദിച്ചു. ശശി തരൂർ കൂടുതൽ സമയവും വിദേശത്താണ്. തരൂർ തിരുവനന്തപുരത്ത് താമസിച്ചിട്ട് സാധാരണ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കണം. സാധാരണ ജനങ്ങളുടെ പരിപാടികളിൽ പങ്കെടുക്കണം. അദ്ദേഹം ഇപ്പോൾ പറയുന്നതിലൊന്നും ഒരു കാര്യവുമില്ലെന്നും പി.ജെ. കുര്യൻ തുറന്നടിച്ചു.

'ശശി തരൂർ കൂടുതൽ സമയവും വിദേശത്താണെന്ന് ആർക്കാണറിയാത്തത്? കേരളത്തിലെ നേതാവാകണമെങ്കിൽ ജനങ്ങളുടെ നേതാവാകണം. എം.പി യായെന്നുവെച്ച് നേതാവാകില്ല. ജനങ്ങളുടെ നേതാവാകണമെങ്കിൽ പാർട്ടിയോട് ചേർന്ന് പ്രവർത്തിക്കണം. ഒരിക്കലും ഒരു സൂപ്പർമാനല്ല നേതാവ്. ഇംഗ്ലീഷ് വിദ്യാഭ്യാസമാണ് യോഗ്യതയെങ്കിൽ അതിനേക്കാൾ കൂടിയ യോഗ്യതയുള്ളവർ ഇന്ത്യയിൽ ഇല്ലേ? ഇന്ത്യയിൽ ബുദ്ധിജീവികളില്ലേ? ചന്ദ്രനിലേക്ക് സാറ്റലൈറ്റ് അയച്ച സോമനാഥ് മലയാളിയല്ലേ?'. പി.ജെ.കുര്യൻ പരിഹസിച്ചു.

രാഷ്ട്രീയ നേതൃത്വം എന്നു പറയുന്നത് ജനങ്ങളോടൊത്തു ചേർന്ന് പ്രവർത്തിച്ചിട്ടുണ്ടാവുന്നതാണ്. അടിത്തട്ടിൽനിന്ന് പ്രവർത്തിച്ചുവരുന്നയാളാണ് നേതാവ്. അല്ലാതെ നിർബന്ധപൂർവം ഉണ്ടാക്കിയെടുക്കുന്നതല്ലെന്നും പി.ജെ.കുര്യൻ അഭിപ്രായപ്പെട്ടു.

അവർ ട്രെയിനിന് മുന്നിലേക്ക് ചാടി, ഹോൺ അടിച്ചിട്ടും മാറിയില്ല; ഏറ്റുമാനൂരിൽ മരിച്ച മൂന്നുപേരെയും തിരിച്ചറിഞ്ഞു

കോട്ടയം: ഏറ്റുമാനൂരിൽ ട്രെയിൻ തട്ടി മരിച്ച മൂന്നുപേരെയും തിരിച്ചറിഞ്ഞു. പാറോലിക്കൽ സ്വദേശിയായ ഷൈനി (43), മക്കളായ അലീന (11), ഇവാന (10) എന്നിവരാണ് മരിച്ചത്. ഇവർ ട്രെയിനിന് മുന്നിലേക്ക് എടുത്ത് ചാടുകയായിരുന്നു എന്നാണ് ഇടിച്ച ട്രെയിനിന്റെ ലോക്കോ പൈലറ്റ് പറയുന്നത്. ഹോൺ അടിച്ചിട്ടും ഇവർ മാറിയില്ലെന്നും ലോക്കോ പൈലറ്റ് മൊഴി നൽകി.

കോട്ടയം – നിലമ്പൂർ എക്സ്പ്രസിന് മുന്നിലേക്ക് ചാടിയാണ് ഇവർ ജീവനൊടുക്കിയത്. സംഭവത്തിന് ശേഷം ലോക്കോ പൈലറ്റ് റെയിൽവേ അധികൃതരെ വിവരമറിയിച്ചു. തുടർന്ന് പൊലീസിനെയും അറിയിച്ചു. പൊലീസ് ഉദ്യോഗസ്ഥരെത്തിയാണ് മൃതദേഹം റെയിൽവേ ട്രാക്കിൽ നിന്ന് മാറ്റിയത്. മൃതദേഹം ചിന്നിച്ചിതറിയ നിലയിലായതിനാൽ തിരിച്ചറിയാനായിരുന്നില്ല. വസ്ത്രവും ചെരുപ്പും കണ്ടിട്ടാണ് ഒരു സ്ത്രീയും രണ്ട് പെൺകുട്ടികളുമാകാം ഇതെന്ന നിഗമനത്തിലെത്തിയത്. അന്യസംസ്ഥാനക്കാരാണോ എന്ന സംശയവുമുണ്ടായിരുന്നു.

എന്നാൽ, തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് സമീപവാസികളായ അമ്മയും മക്കളുമാണ് മരിച്ചതെന്ന് തിരിച്ചറിഞ്ഞത്. ഇവരുടെ ആത്മഹത്യയിൽ ഷൈനിയുട

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

അവിട്ടത്തൂർ മഹാദേവ ക്ഷേത്രത്തിൽ ശിവരാത്രിയോടനുബന്ധിച്ച് വെളുപ്പിന് നടന്ന യാത്ര പറയൽ ചടങ്ങ്.

വാർത്താച്ചുരുക്കം

* കടൽ മണൽ ഘനനത്തിനെതിരെ തീരദേശ ഹർത്താൽ ആചരിച്ചു. വൻ വിജയമായിരുന്നെന്ന് മത്സ്യ തൊഴിലാളി കോ-ഓഡിനേഷൻകമ്മറ്റി അറിയിച്ചു.
* ചെറുതുരുത്തി ജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ ഹാക്കത്തോൺ വിജയകരമായി നടന്നു.
* തൃശൂർ കോ-ഓപ്പറേറ്റീവ് കോളേജ് ഏർപ്പെടുത്തിയ മൂൻ മന്ത്രി കെ.പി. വിശ്വനാഥൻ സ്മാരക പുരസ്കാരം ഷാഫി പറമ്പിൽ എം.പി.ക്ക് സമർപ്പിച്ചു.
* കടൽ ധാതു ഖനന ഭേദഗതി നിയമം പിൻവലിക്കണമെന്ന്, കേരള സിറ്റി സൺ ഫോറം (കടുപ്പശ്ശേരി) വാർഷിക സമ്മേളനം ആവശ്യപ്പെട്ടു.
* പ്രജാപിത ബ്രഹ്മകുമാരീസ് ഈശ്വരീയ വിശ്വവിദ്യാലയം - തൃശൂർ സംഘടിപ്പിച്ച ശിവ സന്ദേശരഥയാത്ര ഒളരിക്കര ഭഗവതി ക്ഷേത്രത്തിൽ സമാപിച്ചു.
* തൃശൂരിലെ പ്രശസ്ത ചിത്രകാരൻ ഫ്രാൻസിസ് കോടങ്കണ്ടത്തും പത്നി ഷേർളിയും ത്രിരാഷ്ട്ര ചിത്ര യാത്ര വിജയകരമായി നടത്തി.
* തൃശൂരിലെ സാംസ്കാരിക നായകനായിരുന്ന ഡോ: ടി. ഐ. രാധാകൃഷ്ണന്റെ 12-ാം ചരമവാർഷിക ദിനം ആചരിച്ചു. ജവഹർ ബാലഭവനിലായിരുന്നു പരിപാടി. സമ്മേളനം, ഹോമിയോ മെഡിക്കൽ ക്യാമ്പ്, പുരസ്കാര സമർപ്പണം തുടങ്ങിയവ നടന്നു.
* സ്കൂട്ടർ പകുതി വില. തട്ടിപ്പ് കേസിൽ ബി.ജെ.പി.നേതാവ് രാധാകൃഷ്ണന്റെ പങ്ക് അന്വേഷിക്കണമെന്ന് കെ.പി.സി.സി. മീഡിയ പാനലിസ്റ്റ് അഡ്വ: വി. ആർ അനൂപ് ആവശ്യപ്പെട്ടു.
* സർക്കാർ ജീവനക്കാരെ ഇടതു സർക്കാർ ദ്രോഹിക്കുന്നതിനെതിരെ ശക്തമായി പ്രതികരിക്കുമെന്ന് കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ സംസ്ഥാന സമ്മേളനം മുന്നറിയിപ്പ് നൽകി.
* തൃശൂർ റോയൽ ക്ലബ് മികച്ച അലങ്കാര കോഴികളുടെ മത്സരം നടത്തി. തോപ്പ് ഇന്റോർ സ്റ്റേഡിയത്തിലായിരുന്നു പരിപാടി.
* കേരള റിട്ടയേഡ്സ് ടീച്ചേഴ്സ് കോൺഗ്രസ്സ് തൃശൂർ ജില്ലാ കമ്മറ്റി രൂപീകരിച്ചു. പ്രസിഡണ്ട് . വി.സുകുമാരൻ സെക്രട്ടറിഎ.എം. ജെയ്സൺ ട്രഷറർ: കെ. എ. നാസർ

'വൃദ്ധി' -സെന്റർ ഫോർ ഇന്ത്യൻ നോളജ് സിസ്റ്റം ഉദ്ഘാടനം ഇരിങ്ങാലക്കുട സെന്റ് ജോസഫ്സിൽ

ഇരിങ്ങാലക്കുട: ഇന്ത്യൻ വൈജ്ഞാനിക പാരമ്പര്യത്തിന്റെ വീണ്ടെടുക്കലും ഗവേഷണപദ്ധതികളും ലക്ഷ്യമിട്ട് ഇന്ത്യൻ നോളജ് സിസ്റ്റത്തിന്റെ കേന്ദ്രമായ വൃദ്ധി സെന്റ് ജോസഫ്സ് കോളേജ് (ഓട്ടോണോമസ്), ഇരിങ്ങാലക്കുടയിൽ ആരംഭിച്ചു. റിസേർച്ച് ഹാളിൽ രനടന്ന ചടങ്ങിൽ കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക- ടൂറിസം സഹമന്ത്രിയും, തൃശൂർ എംപിയും ആയസുരേഷ് ഗോപി 'വൃദ്ധി' ഐ. കെ. എസ്. സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു. നമ്മുടെ വൈജ്ഞാനിക പാരമ്പര്യത്തെ യുവതലമുറയ്ക്ക് പകർന്നുകൊടുക്കേണ്ടത് ഒരു മഹത്തായ ഉത്തരവാദിത്തമാണെന്നും സെ. ജോസഫ്സ് തുടക്കം കുറിച്ച സംരംഭം അതിനു വലിയ സംഭാവനയാകട്ടെയെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കോളേജ് പ്രിൻസിപ്പൽ ഡോ.സിസ്റ്റർ ബ്ലെസി ചടങ്ങിന് അധ്യക്ഷത വഹിച്ചു. 'വൃദ്ധി' ഇന്ത്യൻ പരമ്പരാഗത വിജ്ഞാനത്തിന്റെ ശാസ്ത്രീയ പഠനത്തിനും ഗവേഷണത്തിനും പുതുമയാർന്ന വഴികൾ തുറക്കുമെന്ന് പ്രിൻസിപ്പൽ കൂട്ടിച്ചേർത്തു. 'വൃദ്ധി' ഇന്ത്യൻ നോളജ് സിസ്റ്റം ഡയറക്ടർ ഡോ. വി.എസ് സുജിത സ്വാഗതം ചെയ്ത ചടങ്ങിൽ കോളേജിലെ മാനുസ്ക്രിപ്റ്റ് റിസർച്ച് -പ്രിസർവേഷൻ സെന്റർ ഡയറക്ടറും മലയാള വിഭാഗം അദ്ധ്യാപികയുമായ ക്യാപ്റ്റൻ ലിറ്റി ചാക്കോ ആശംസകൾ നേർന്ന് സംസാരിച്ചു. ചരിത്ര വിഭാഗം മേധാവി ഡോ.ജോസ് കുര്യാക്കോസ് നന്ദി രേഖപ്പെടുത്തി.

കിരണം കലോത്സവം

തൃശൂർ: ഗവ:എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളുടെ കാരുണ്യ സംഘടന - ഒയാസിസ് ഭിന്നശേഷി കുട്ടികൾക്കായി കലോത്സവം ഒരുക്കുന്നു. കോളേജിലെ പാലിയേറ്റിവ് സേവന പ്രവർത്തനം കൂടിയാണിത്. തൃശൂർ ജില്ലയിലെ സ്പെഷ്യൽ സകൂൾ വിദ്യാർത്ഥികൾ സർഗവിരുന്നൊരുക്കുമെന്ന്/കൺവീനർ സി നാന അറിയിച്ചു.

FORM-IV

(See Rule-8)

STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER

SWATHANTHRAMANDAPAM DAILY

1. Place of Publication	:	Poothole, Thrissur-4
2. Periodicity of its Publication	:	Daily
3. Printer's Name Address	:	A. Muhammad Alungal House, Poothole,Thrissur-680004
Whether Citizen of India	:	Indian
4. Publisher's Name	:	A. Muhammad, Alungal House, Poothole,Thrissur-680004
5. Editor's Name	:	A. Muhammad, Alungal House, Poothole,Thrissur-680004
6. Name and Address of Individuals who own the news paper and partners of share holders holding more than one percent of the total capital	:	A. Muhammad, Alungal House, Poothole, Thrissur-680004

I, A. Muhammad hereby declare that the particulars given above are true to the best of my knowledge and belief.

Dated: 28-02-2025 (Sd/-) Publisher

വിവരാവകാശ ഭൂമാഫിയ തട്ടിപ്പിനെതിരെ നടപടിയെടുക്കുമെന്ന് കൗൺസിൽ ഐക്യകണ്ഠേന തീരുമാനിച്ചു

തൃശൂർ: കോർപ്പറേഷൻ പരിധിയിലെ ജനങ്ങളെ വിവരാവകാശ നിയമം ദുരുപയോഗം ചെയ്ത് ഭീഷണിപ്പെടുത്തി പണം തട്ടുന്ന വിവരാവകാശ തട്ടിപ്പുകാർക്കെതിരെയും ഭൂമാഫിയ തട്ടിപ്പിനെതിരെയും നടപടിയെടു ക്കാനും വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യാനും ഇന്നുചേർന്ന കൗൺസിൽ ഐക്യകണ്ഠേന തീരുമാനിച്ചു. വിവരാവകാശ നിയമം ദുരുപയോഗം ചെയ്ത് പരാതി നൽകുകയും പരാതിക്കാരൻ തന്നെ കക്ഷികളെ നേരിട്ട് കണ്ട് ഭീഷണിപ്പെടുത്തി പാരിതോഷികം കൈപ്പറ്റുന്ന പ്രക്രിയയ്ക്കെതിരെയാണ് നിയമനടപടി സ്വീകരിക്കുന്നത്. കോർപ്പറേഷന്റെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നയിടത്തും നേരിട്ടെത്തി കരാറുകാരെ ഭീഷണിപ്പെടുത്തിയും നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയും ഇത്തരം പാരിതോഷികങ്ങൾ കൈക്കലാക്കാൻ ഇത്തരക്കാർ ശ്രമിക്കാറുണ്ട്. കോർപ്പറേഷനിലെ ഭൂരഹിതർക്ക് സ്ഥലവും വീടും നൽകുന്ന പദ്ധതി ഉപയോഗപ്പെടുത്തി മേൽപ്പറഞ്ഞ ഏജൻറുമാർ നിലം വാങ്ങി ഈ ഗുണഭോക്താക്കളുടെ പേർക്ക് രജിസ്റ്റർ ചെയ്ത് വീട് പണിയാൻ കഴിയാതെ 486 ഫയലുകൾ കോർപ്പറേഷൻ പരിധിയിൽ ഉണ്ടെന്നുള്ളത് വസ്തുതയാണ്.

ഈ 486 കുടുബങ്ങൾ നിയമപരമായി ഭൂവുടമകളാണ്. അതിനാൽ മറ്റൊരു സഹായവും വീടു പണിയുന്നതിനോ സ്ഥലം വാങ്ങിക്കുന്നതിനോ ഇവർക്ക് ലഭ്യമല്ല. നിലം ആയതിനാൽ വീട് പണിയാനും സാധിക്കില്ല. ഈ കാട്ടുകൊള്ള നടത്തിയത് മേൽപ്പറഞ്ഞ ഇത്തരത്തിലുള്ള വിവരാവകാശ ഭൂമാഫിയ ഏജൻറുമാരാണ്.

ഇത്തരത്തിൽ നിരവധി വിഷയങ്ങളിൽ ഇവർ ഇടപെടുന്നുണ്ട്. എ.ആർ. രാഹുൽനാഥ് കൗൺസിലറാണ് ഈ വിഷയം ഇന്നത്തെ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത്. കൗൺസിലിൽ വസ്തുനികുതി, പലിശ, പിഴപ്പലിശ കൂടാതെ 2025 മാർച്ച് 31വരെ അടവാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പരമാവധി പൊതുജന ങ്ങളിലേക്കെത്തിക്കുന്നതിനും മാർച്ച് 31 വരെ നികുതി അവധിദിനങ്ങ ളുൾപ്പെടെ എല്ലാ ദിവസവും അടവാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനും ഈ മേഖലയിലുള്ള പ്രശ്നപരിഹാരത്തിന് വസ്തുനികുതി ഡാറ്റാ പ്യൂരിഫിക്കേഷൻറെ ഭാഗമായി ആവശ്യമെങ്കിൽ തറ വിസ്തീർണ്ണം ഉൾപ്പെടെ അളക്കുന്നതിന് താൽക്കാലിക ഫീൽഡ് സ്റ്റാഫുകളെ നിയമിക്കുന്നതിനും കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഇംപാക്ട് കേരള മുഖേന തൃശൂർ കോർപ്പറേഷൻ നടപ്പിലാക്കുന്ന ആധുനീക അറവുശാല പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം നടപ്പിലാക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കൂടുതൽ വൈകല്യങ്ങളുള്ള ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക് വീൽച്ചെയർ നൽകുന്നതിനും കെ-സ്മാർട്ട് ഉൾപ്പെടെയുള്ള സർക്കാർ സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്തതിൻറെ ഭാഗമായി കോർപ്പറേഷൻ പരിധിയിൽ കൂടുതൽ അക്ഷയകേന്ദ്രങ്ങൾ അനുവദിച്ച് ഡിജിറ്റൽ സംവിധാനം സുഖകരമാക്കുന്നതിനും 2018, 2019ലെ പ്രളയത്തെ കണക്കിലെടുത്ത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും യുനെസ്കോയുടെ അംഗീകാരത്തോടെ തൃശൂർ കോർപ്പറേഷന് ലഭിച്ച ലേണിംഗ്സിറ്റി അംഗീകാരം ആഗോളതലത്തിൽ ശ്രദ്ധനേടുന്നതിനുള്ള പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് കിലയെ ഏൽപ്പിക്കുന്നതിനുൾ പ്പെടെയുള്ള 72 അജണ്ടകളിൽ 2 അജണ്ടകൾ ഒഴികെ മറ്റ് എല്ലാ അജണ്ടകളിലും ചർച്ച ചെയ്ത് തീരുമാനമെടുത്തു.

പൂരകാലത്ത് കൊച്ചിൻ ദേവസ്വം ബോർഡ് നഗരത്തിൽ പ്രദർശനം നടത്തില്ല: സിപിഎം

തൃശൂർ: പൂരം പ്രദർശന ഘട്ടത്തിൽ നഗരത്തിൽ മറ്റൊരു പ്രദർശനംകൊച്ചിൻ ദേവസ്വം ബോർഡ് നടത്തില്ലെന്ന് ദേവസ്വം മന്ത്രിയുടെ ഓഫീസ് അറിയിച്ചതായി സി പി ഐ (എം) തൃശൂർ ഏരിയാ കമ്മിറ്റി. പൂരം പ്രദർശനം നടക്കുന്ന ഏപ്രിൽ - മെയ് മാസങ്ങളിൽ തൃശൂർ പട്ടണത്തിൽ മറ്റൊരു എക്സിബിഷൻ അനുചിതമാണെന്നാണ് സിപിഐഎം നിലപാട്. തൃശൂർ പൂരം പ്രദർശനം കാലങ്ങളായി ഇവിടെ നന്നു വരുന്നതാണ്.ഇത്തവണയും ഭംഗിയായി നടക്കണം.

ഈ വിഷയത്തിൽ സംഘ് പരിവാറും ബി ജെ പി യും സമൂഹ മാധ്യമങ്ങളിലൂടെ നിരന്തരം നുണ പ്രചരിപ്പിക്കുകയാണ്. പൂരം പ്രദർശനത്തിനും ആന എഴുന്നള്ളിപ്പിനുമൊക്കെ തടസ്സം ഉണ്ടായ ഘട്ടത്തിൽ അത് സുഗമമായി നടത്താൻ ഇടപെട്ട ചരിത്രമാണ് എൽ ഡി എഫ് സർക്കാരിന്റേത്. ഇത്തവണത്തെ തൃശൂർ പൂരവും പ്രദർശനവും ഏറ്റവും സുഗമമായി നടത്തുന്നതിനാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകുന്നത്.

കൊച്ചിൻ ദേവസ്വം ബോർഡിലെ സംഘ് പരിവാർ, കോൺഗ്രസ് അനുകൂലികളായ ചില ഉദ്യോഗസ്ഥർ തെറ്റിദ്ധാരണ പരത്താൻ നടത്തുന്ന പരിശ്രമങ്ങൾ തിരിച്ചറിഞ്ഞ് കള്ള പ്രചാരണങ്ങളെ തള്ളി കളയണമെന്ന് അഭ്യർത്ഥിക്കുന്നു.

അന്നീദ പെരുന്നാൾ ഭക്തിനിർഭരം

തൃശൂർ: പവട്ടാനി ചർച്ച് സ്കൂയർ: പ്രിയപ്പെട്ടവരുടെ വേർപ്പാടിന്റെ സ്മരണ പുതുക്കി കൊണ്ട് ഭക്തി നിർഭരമായ പ്രാർത്ഥനാ പുഷ്പങ്ങൾ അർപ്പിച്ച് അന്നീദ പെരുന്നാളിൽ ആയിരങ്ങൾ പങ്കെടുത്തു. ഇടവക യൂത്ത്സ് അസോസ്സിയഷൻ നേതൃത്വം നൽകിയ ശ്ക്രീവെ അൽ സഹ്റാ ധ്യാന പ്രാസംഗം റവ.തിമോത്തി ബ്രഹ്മകുളം കശീശ നടത്തി. റവ.തിമൊഥെയോസ് ജോയ് കശീശയുടെ കാർമ്മികത്വത്തിൽ പ്രാർത്ഥനാ ശുശ്രൂഷകളും തുടർന്ന് പള്ളിയിൽ നിന്ന് സെമിത്തേരിയിലേക്കുള്ള മെഴുകുതിരി പ്രദക്ഷിണം ഭക്തിസാന്ദ്രമായിരുന്നു.

അന്നീദ പെരുന്നാളിന്റെ വിശുദ്ധ കുർബ്ബാന ഇന്ന് രാവിലെ 7ന് വികാരി റവ.റൂണോ വർഗീസ് കശീശയുടെയുടെ കാർമ്മികത്യത്തിൽ അർപ്പിക്കും.

സെമിത്തേരിയിൽ പൊതു അന്നീദ ശുശ്രൂഷകളും, അന്നീദ വെള്ളം തെളിയിക്കുകയും ദൂപകാഴ്ച നടത്തുകയും ചെയ്യും. നേർച്ച കഞ്ഞി വികാരി ആശീർവദിക്കും. വർണ്ണശബളമായ കൊടി തോരണങ്ങളാലും വൈദ്യുത ദീപങ്ങളാലും, പുഷ്പങ്ങളാലും, മെഴുകിതിരിയും ചരാതും കത്തിച്ച് സെമിത്തേരി കമനീയമായി അലങ്കരിച്ചിട്ടുണ്ട്.

നാഷണൽ അവാർഡ് ജേതാവിന് മന്ത്രിയുടെ ആദരവ്

ഇരിങ്ങാലക്കുട: ബാബാ സാഹിബ് അംബേദ്കർ വിശിഷ്ട സേവ നാഷണൽ അവാർഡ് 2024 ന് അർഹനായ ശ്രീ ഷാജു വാലപ്പൻ കല്ലേറ്റുംകരക്ക് മന്ത്രി ആർ.ബിന്ദു ഷാജു വാലപ്പന്റെ വസതിയിൽ നേരിട്ടെത്തി അനുമോദിച്ചു കൊണ്ട് പൊന്നാട അണിയിച്ച് ആദരിക്കുകയും കുടുംബത്തോടൊപ്പം കൃസ്തുമസ്സ് ആഘോഷത്തിൽ പങ്കെടുത്ത് കേക്ക് മുറിച്ച് മധുരം വിതരണം ചെയ്തു കൊണ്ട് മന്ത്രിയുടെ സാന്നിദ്ധ്യം അവിസ്മരണീയമാക്കി . മുരിയാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജോസ് ചിറ്റിലപ്പിള്ളി ആദരിക്കൽ ചടങ്ങിലും കൃസ്തുമസ്സ് ആഘോഷത്തിലും സന്നിഹിതനായിരുന്നു.

യാത്രയയപ്പ് നൽകി

ഇരിങ്ങാലക്കുട : ഐ ടി യു ബാങ്കിൽ നിന്നും വിരമിക്കുന്ന കാട്ടൂർ ബ്രാഞ്ച് മാനേജർ സി എ സാജുവിന് ബാങ്ക് യാത്രയയപ്പ് നൽകി. ബാങ്ക് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങ് ചെയർമാൻ എം പി ജാക്സൺ ഉദ്ഘാടനം ചെയ്തു. ബോർഡ്ഓഫ് മാനേജ്മെന്റ് ചെയർമാൻ അഡ്വ പി ജെ തോമസ്, സ്റ്റാഫ് പ്രതിനിധി എൻ ജെ ജോയി എന്നിവർ ആശംസകൾ നേർന്നു. മാനേജിങ് ഡയറക്ടർ എ എൽ ജോൺ സ്വാഗതവും, അസിസ്റ്റന്റ് ജനറൽ മാനേജർ കെ ജി നിഷ നന്ദിയും പറഞ്ഞു.

യൂത്ത് ലീഗ് പുഴ സംരക്ഷണ യാത്ര ഇന്ന്

മുല്ലശ്ശേരി: പെരിങ്ങാട് പുഴ, സംരക്ഷിത വനമാക്കാനുള്ള കരട് വിജ്ഞാപനം റദ്ദാക്കണമെന്നാവശ്യപ്പെട്ട് മുസ്ലിം യൂത്ത് ലീഗ് മണലൂർ നിയോജക മണ്ഡലം കമ്മറ്റി പുഴ സംരക്ഷണ യാത്ര നടത്തുന്നു.

ഇന്ന് വൈകീട്ട് 4 മണിക്ക് വെന്മേനാട് കൈതമുക്കിൽ ജില്ലാ പഞ്ചായത്തംഗം അഡ്വ വി എം മുഹമ്മദ് ഗസ്സാലി ഉദ്ഘാടനം ചെയ്യും.

6 മണിക്ക് പാടൂർ ഇടിയഞ്ചിറയിൽ സമാപിക്കും. സമാപന സംഗമം മുസ്ലിം ലീഗ് ജില്ല പ്രസിഡണ്ട് സി എ മുഹമ്മദ്റഷീദ് ഉദ്ഘാടനം ചെയ്യും.

യൂത്ത് ലീഗ് ജില്ല പ്രസിഡണ്ട്എ എം സനൗഫൽ, ജനറൽ സെക്രട്ടറി നൗഷാദ് തെരുവത്ത്, മുസ്ലിം ലീഗ് ജില്ല വൈസ് പ്രസിഡണ്ടുമാരായ എ എസ് എം അസ്ഗറലി തങ്ങൾ, ആർ എ അബ്ദുൽ മനാഫ്, മണ്ഡലം പ്രസിഡണ്ട്പി എം ഷെരീഫ്, ജനറൽ സെക്രട്ടറി എ എസ് എം അൽത്താഫ് തങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഷെരീഫ് ചിറക്കൽ, തീരദേശ സംരക്ഷണ സമിതി ഭാരവാഹികൾ സംബന്ധിക്കും. നാടിന്റെ പൊതു ആവശ്യത്തിനൊപ്പം നിന്ന് എല്ലാവരും ജാഥയിൽ അണിചേരണമെന്ന് യൂത്ത് ലീഗ് മണ്ഡലം പ്രസിഡണ്ട്ബി കെ സമീർ തങ്ങൾ, ജനറൽ സെക്രട്ടറി വി എം മുഹമ്മദ്സമാൻ എന്നിവർ അഭ്യർത്ഥിച്ചു.

ചെറുകിട ലോട്ടറി വില്പനക്കാർക്ക് ആവശ്യമായ ലോട്ടറി ടിക്കറ്റുകൾ ലഭ്യമാക്കണം: അഡ്വ.ഷാജൻ മഞ്ഞളി

പുതുക്കാട്: ഓരോ ദിവസത്തെയും ഉപജീവനത്തിനു വേണ്ടി ലോട്ടറി ടിക്കറ്റ് ഹോൾസെയിൽ കടകളിൽ നിന്നും എടുത്ത് വിൽപ്പന നടത്തി ഭക്ഷണത്തിനും മരുന്നിനും പണം കണ്ടെത്തുന്ന പാവപ്പെട്ട ചെറുകിട ലോട്ടറി വില്പനക്കാർക്ക് ആവശ്യത്തിന് ലോട്ടറി ടിക്കറ്റ് ലഭ്യമാക്കണമെന്ന് രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി ജില്ലാ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ആവശ്യപ്പെട്ടു റീട്ടെയിൽ ലോട്ടറി ടിക്കറ്റുകൾക്ക് വലിയ ക്ഷാമമാണ് നേരിടുന്നത് ഇതുമൂലം ചെറുകിട ലോട്ടറി വിൽപ്പനക്കാർ ഉപജീവനം അടഞ്ഞ അവസ്ഥയിലാണ് കേരള സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ നറുക്കെടുപ്പ് നിയോജകമണ്ഡല അടിസ്ഥാനത്തിൽ വികേന്ദ്രീകരിക്കണമെന്നും നറുക്കെടുപ്പ് ഫലം കേന്ദ്രീകരിക്കപ്പെടുന്നത് അവസാനിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു

പ്രൊഫ. പി.ടി. കുരിയാക്കോസിന്റെ 52-ാം സമാധിദിനം നാളെ

തൃശ്ശൂർ: പാവറട്ടിയിലും പുറനാട്ടുകരയിലുമായി പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ കേന്ദ്രീയ സംസ്കൃത സർവ്വകലാശാല ഗുരുവായൂർ കേന്ദ്രം സ്ഥാപകൻ സംസ്കൃത പ്രണയഭാജനം പ്രൊഫ. പി.ടി. കുരിയാക്കോസിന്റെ 52-ാം സമാധിദിനം മാർച്ച് 1ന് ആചരിക്കുന്നു.

രാവിലെ 9ന് പാവറട്ടി തീർത്ഥകേന്ദ്രത്തിലെ കുരിയാക്കോസ് സമാധിയിൽ വിദ്യാപീഠം സംരക്ഷണ സമിതി പ്രസിഡന്റ് തോമസ് പാവറട്ടി പുഷ്പാർച്ചന നടത്തും. പുറനാട്ടുകര കാമ്പസ്സിൽ 10ന് ഇന്ദിരാഗാന്ധി ഓപ്പൺ സർവ്വകലാശാലയിലെ പ്രൊഫ. ചന്ദ്രഭൂഷൺ ശർമ്മ അന്താരാഷ്ട്ര പ്രഭാഷണം നടത്തും. ചടങ്ങിൽ കാമ്പസ്സ് ഡയറക്ടർ പ്രൊഫ. കെ.കെ. ഷൈൻ അദ്ധ്യക്ഷത വഹിക്കും.

വാറണ്ട് പുറപ്പെടുവിച്ചപ്പോൾ വിധി പാലിച്ചു; ബി.എസ്.എൻ.എൽ ജനറൽ മാനേജർക്കെതിരെ നടപടികൾ അവസാനിപ്പിച്ചു

തൃശൂർ: വാറണ്ട് പുറപ്പെടുവിച്ചതിനെത്തുടർന്ന് വിധിപ്രകാരം സംഖ്യ നൽകിയ പശ്ചാത്തലത്തിൽ ബി.എസ്. എൻ. എൽ ജനറൽ മാനേജർക്കെതിരെയുള്ള നടപടികൾ അവസാനിപ്പിച്ചു. പൂപ്പത്തി സ്വദേശി എളംതോളി വീട്ടിൽ ഇ.ടി.മാർട്ടിൻ ഫയൽ ചെയ്ത ഹർജിയിലാണ് വിധി പാലിക്കാതിരുന്നതിനെത്തുടർന്ന് തൃശ്ശൂർ ബി.എസ്. എൻ.എൽ ജനറൽ മാനേജർക്കെതിരെ വാറണ്ട് പുറപ്പെടുവിച്ചതും വിധിസംഖ്യ പലിശ സഹിതം നൽകിയ സാഹചര്യത്തിൽ നടപടികൾ അവസാനിപ്പിച്ചതും.

ഫോണിൽ ഇൻകമിംഗ് കോളുകൾ ലഭിക്കാതിരുന്നതിനെത്തുടർന്ന് മാർട്ടിൻ ഫയൽ ചെയ്ത ഹർജിയിൽ നഷ്ടപരിഹാരമായി 5000 രൂപയും ചിലവിലേക്ക് 1500 രൂപയും നൽകുവാൻ വിധിയുണ്ടായിരുന്നു. എന്നാൽ വിധി പാലിക്കുകയുണ്ടായില്ല. തുടർന്നാണ് ബി.എസ്. എൻ. എൽ ജനറൽ മാനേജർക്കെതിരെ പോലീസ് മുഖേനെ വാറണ്ട് പുറപ്പെടുവിച്ചത്. വിധി പാലിക്കാതിരുന്നതിന് 3വർഷം വരെ തടവിന് ശിക്ഷിക്കുവാൻ ഉപഭോക്തൃകോടതിക്ക് അധികാരമുള്ളതാകുന്നു. വാറണ്ട് പുറപ്പെടുവിച്ചതിനെത്തുടർന്ന് എതിർകക്ഷി, വിധിപ്രകാരമുള്ള സംഖ്യ മാർട്ടിന് നൽകി, വാറണ്ട് പിൻവലിച്ച് കേസ് അവസാനിപ്പിക്കുവാൻ അപേക്ഷ നൽകുകയായിരുന്നു. അപേക്ഷ പരിഗണിച്ച പ്രസിഡണ്ട് സാബു സി.ടി., മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി, ഹർജിക്കാരന് വിധി സംഖ്യ നൽകിയ സാഹചര്യത്തിൽ നടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു.

ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി. ബെന്നി ഹാജരായി വാദം നടത്തി.

ഹയർ സെക്കണ്ടറി ചോദ്യപേപ്പർ - അനധ്യാപകരുടെ രാത്രി കാവൽ ഒഴിവാക്കണം: കെ.എ.എസ്.എൻ.ടി.എസ്.എ

അഷ്ടമിച്ചിറ: ഹയർ സെക്കണ്ടറി ചോദ്യപേപ്പറിന് ഹൈസ്കൂളിലെ അനധ്യാപകരെ രാത്രി കാവലിൽ നിന്ന് ഒഴിവാക്കി ഉത്തരവ് ഇടണമെന്ന് കേരള എയ്ഡഡ് സ്കൂൾ നോൺ ടീച്ചിങ്ങ് സ്റ്റാഫ് അസോസിയേഷൻ ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ല 61-ാം ജില്ല സമ്മേളനം ആവശ്യപ്പെട്ടു.

അഷ്ടമിച്ചിറ ഗാന്ധി സ്മാരക ഹൈസ്കൂളിൽ നടന്ന സമ്മേളനം സനീഷ് കുമാർ എം.എൽ എ. ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് പി.എ. ബിജു അധ്യക്ഷത വഹിച്ചു. മാളഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ബിന്ദു ബാബു വിശിഷ്ടാതിഥിയായി പങ്കെടുത്തു.

വിദ്യഭ്യാസ ഉപജില്ല ഓഫീസർ കെ.കെ. സുരേഷ് വിദ്യഭ്യാസ അവാർഡ് വിതരണം ചെയ്തു. അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് എൻ. വി. മധു മുഖ്യപ്രഭാഷണം നടത്തി. സ്കൂൾ പ്രധാന അധ്യാപിക യു.എസ്. ജയലക്ഷ്മി, ഷാജു സി.സി., പ്രശാദ് പി, ആന്റോ ടി.പി., പി.എൻ. സുരേഷ് എന്നിവർ പ്രസംഗിച്ചു. സർവ്വീസിൽ നിന്നും വിരമിച്ച അനധ്യാപകർക്ക് ഉപഹാരം നൽകി. പുതിയ ഭാരവാഹികൾ : പി.എ. ബിജു (പ്രസിഡണ്ട്), കെ. ജെ. ഷിജു (സെക്രട്ടറി), ദിലീപ്. ടി.വി. (ട്രഷറർ), ജീനാ രാജ് (വനിത ഫോറം കൺവീനർ)

ബിജു പി.എ. - ജില്ലാ പ്രസിഡണ്ട്

കെ.ജെ. ഷിജു (ജില്ലാ സെക്രട്ടറി)

കോടതി പരസ്യം

ബഹു. തൃശൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 5647/2016

RP: 80/2023

ജീസസ് കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ എന്ന കമ്പനിക്കുവേണ്ടി ഇപ്പോഴത്തെ ഡയറക്ടർ സി കെ തോമാസ്

-അന്യായക്കാരൻ

തൃശൂർ താലൂക്ക് വിയ്യൂർ വില്ലേജ് ദേശത്ത് വടക്കുമുറി വിജയൻ മകൻ ബിസിനസ് 34 വയസ് വിവേക്

-3-ാം പ്രതി

മേൽനമ്പറിൽ പ്രതിക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് **21-05-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം പകൽ 11 മണിക്ക് നിങ്ങളോ അഡ്വക്കേറ്റോ ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്